# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

**മുപ്പത്തിയാറാമത് റിപ്പോർട്ട്**

**(2024 ഒക്ടോബർ 14...-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2019-21) യുടെ
ഇരുപത്തിയൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച
ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

### മുപ്പത്തിയാറാമത് റിപ്പോർട്ട്

(2024 ഒക്ടോബർ 14-ാം തീയതി സമർപ്പിച്ചത്)

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2019-21) യുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | - | V |
| അവതാരിക | - | VII |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 626/2024) | - | |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ 323/2014) | - | |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

(2023-2026)

ഘടന

**ചെയർപേഴ്സൺ :**

ശ്രീ. എം. എം. മണി, എം.എൽ.എ.

**അംഗങ്ങൾ :**

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2019-2021) യുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2019-21) യുടെ 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിനു കീഴിൽ 2014 മുതൽ 2018 വരെ പുറപ്പെടുവിച്ച എസ്. ആർ. ഒ. കളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ചുള്ള ഇരുപത്തിയൊന്നാമത് റിപ്പോർട്ട് 2019 നവംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ 20.12.2022, 23.08.2024 എന്നീ തീയതികളിലെ യോഗത്തിൽ കമ്മിറ്റി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2024 ഒക്ടോബർ 9-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,<br>
ചെയർപേഴ്സൺ,<br>
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,<br>
2024 ഒക്ടോബർ 09

# റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-21) യുടെ 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിനു കീഴിൽ 2014 മുതൽ 2018 വരെ പുറപ്പെടുവിച്ച എസ്. ആർ. ഒ. കളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ചുള്ള ഇരുപത്തിയൊന്നാമത് റിപ്പോർട്ട് 14.11.2019-ന് സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത എസ്.ആർ.ഒ.-കളുടെ വിശദമായ പരിശോധനയിലൂടെയും കായികയുവജനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പിലൂടെയും സമിതിയ്ക്ക് ബോധ്യപ്പെട്ട വസ്തുതകളാണ് സമിതിയുടെ ശിപാർശകളും നിഗമനങ്ങളുമായി സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

പ്രസ്തുത റിപ്പോർട്ടിൽ 14 മുതൽ 26 വരെയുള്ള ഖണ്ഡികകളിലായി സമിതി 13 ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകളിന്മേൽ കായിക യുവജന കാര്യ വകുപ്പിൽ നിന്നും 23.06.2022, 23.07.2024 എന്നീ തീയതികളിലെ ബി2/169/2020-എസ്.വൈ.എ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രികകൾ 20.12.2022, 23.08.2024 എന്നീ തീയതികളിലെ സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**സമിതി (2019-2021) യുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളും, സർക്കാർ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.**

## ശിപാർശ (ഖണ്ഡിക 14)

ചട്ടം 4 (ജി)-യിൽ 'യോഗത്തിന്റെ മുന്നോടിയായി അംഗങ്ങൾക്ക് അജണ്ട ചംക്രമണം ചെയ്ത് ആയത് ലഭിച്ചതായി ഉറപ്പുവരുത്തുക' എന്ന വാക്യത്തിന് അർത്ഥശുദ്ധി നൽകുന്നതിനായി 'യോഗത്തിന്റെ അജണ്ട ലഭിച്ചതായി ഉറപ്പുവരുത്തുക' എന്ന രീതിയിൽ മാറ്റുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 15)

ചട്ടം (5)-ൽ കമ്മീഷൻ അംഗങ്ങൾക്ക് 15,000 രൂപ ഓണറേറിയവും 400 രൂപ സിറ്റിംഗ് ഫീസും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള യാത്രാബത്തയും അനുവദിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഇപ്പോൾ അംഗങ്ങളെ ക്ലാസ I കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് യാത്രാബത്ത കണക്കാക്കുന്നതെന്നും ആയതിനായി ചട്ടം രൂപീകരിച്ചിട്ടില്ലെന്നും ചട്ടം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ നടപടി തുടരുകയാണെന്നും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി മനസ്സിലാക്കി ആയതിനാൽ കമ്മീഷൻ അംഗങ്ങളുടെ യാത്രാബത്ത കണക്കാക്കുമ്പോൾ അംഗങ്ങളെ ക്ലാസ് I കാറ്റഗറിയിൽ ഉൾപ്പെടുത്തികൊണ്ട് ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 16)

ചട്ടം 5-ൽ രണ്ട് ഉപചട്ടവും ഒരു ക്ലിപ്ത നിബന്ധനയുമാണുള്ളത്. ഇതിൽ ഉപചട്ടങ്ങൾക്ക് നമ്പർ നൽകിയിട്ടില്ല. ആയതിനാൽ ചട്ടം 5-ലെ 'ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം എന്നും കമ്മീഷൻ അംഗങ്ങൾക്ക് 15,000 രൂപ എന്നും തുടങ്ങുന്ന ഉപ ചട്ടങ്ങൾക്ക് ക്രമനമ്പർ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 17)

ചട്ടം 6(1)-ൽ 'കമ്മീഷന്റെ സാധാരണ യോഗങ്ങൾ മാസത്തിലൊരിക്കലെങ്കിലും കമ്മീഷന്റെ ആസ്ഥാനത്ത് വച്ച് കൂടേണ്ടതാണ് ' എന്നും തുടർന്നുള്ള ക്ലിപ്ത നിബന്ധനയിൽ 'എന്നാൽ കമ്മീഷന്റെ രണ്ട് യോഗങ്ങളുടെ ഇടവേള മൂന്ന് മാസത്തിൽ കൂടുവാൻ പാടുള്ളതല്ല' എന്നും വ്യവസ്ഥ ചെയ്യുന്ന പ്രസ്തുത വാചകങ്ങളിൽ വൈരുദ്ധ്യമുള്ളതിനാൽ ചട്ടം 6 (1)-ലെ ക്ലിപ്ത നിബന്ധനയിലെ ആദ്യവാചകം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 18)

ചട്ടം 6(15)-ൽ ' കമ്മീഷന്റെ യോഗനടപടി കുറിപ്പുകൾ ചെയർപേഴ്സൺ അംഗീകരിക്കുന്നതുവരെ പ്രത്യേകമായി നിർദ്ദേശിക്കപ്പെടാത്ത പക്ഷം, സെക്രട്ടറി

നതിന്മേൽ നടപടികളൊന്നും സ്വീകരിക്കാൻ പാടില്ലാത്തതാണ് ' എന്നും ചട്ടം 6(16)-ൽ 'കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ സെക്രട്ടറി ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ് ' എന്നും വ്യവസ്ഥ ചെയ്യുന്നു. യോഗതീരുമാനം വീണ്ടും അംഗീകാരം നേടേണ്ട ആവശ്യമില്ലാത്തതിനാൽ ചട്ടം 6(16) 'കമ്മിഷന്റെ യോഗനടപടിക്കുറിപ്പുകൾ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്'' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 19)**

ചട്ടം 15-ൽ 'ഓരോ വർഷവും ഏപ്രിൽ 1 മുതൽ അടുത്ത വർഷം മാർച്ച് 31 വരെയുള്ള കാലയളവിനെ സംബന്ധിച്ച വാർഷിക റിപ്പോർട്ട് എല്ലാ വർഷവും ആഗസ്റ്റ് 31-ാം തീയതിയ്ക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ് 'എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ആക്ടിലെ 14-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ കമ്മിഷൻ, ഓരോ സാമ്പത്തികവർഷവും അവസാനിച്ചശേഷം മൂന്ന് മാസത്തിനുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള തീയതിയിലും ഓരോ സാമ്പത്തിക വർഷത്തിലും മുൻ സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും പൂർണ്ണ വിവരങ്ങൾ കാണിക്കുന്ന ഒരു വാർഷിക റിപ്പോർട്ട് യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ഗവൺമെന്റിന് സമർപ്പിക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. കമ്മിഷന്റെ വാർഷിക സ്റ്റേറ്റ്മെന്റ് സാമ്പത്തികവർഷം അവസാനിച്ചതിന് ശേഷം മൂന്ന് മാസത്തിനുള്ളിൽ അതായത് ജൂൺ 30-ന് മുമ്പ് സർക്കാരിന് സമർപ്പിക്കണമെന്ന് ആക്ടിൽ വ്യക്തമാക്കുമ്പോൾ ബന്ധപ്പെട്ട ചട്ടത്തിൽ ആയത് ആഗസ്റ്റ് 31-നകം എന്ന് രേഖപ്പെടുത്തിയത് ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചട്ടം 15-ലെ നാലാമത്തെ വരിയിലെ 'ആഗസ്റ്റ് 31 തീയതിക്കകം' എന്നതിനു പകരം 'ജൂൺ 30 തീയതിക്കകം' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 20)**

ഫാറം IV (വാർഷിക റിപ്പോർട്ടിന്റെ മാതൃക)-ലെ മനുഷ്യവിഭവശേഷി, സ്ഥാപനത്തിന്റെ പ്രവർത്തനം, ധനകാര്യം, അടിസ്ഥാന സൗകര്യം മറ്റ് വിഷയങ്ങൾ എന്നീ ശീർഷകങ്ങൾക്ക് കീഴിൽ തൻവർഷം, നടപ്പുവർഷം എന്നീ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതായി സമിതി കണ്ടെത്തി വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നത് മുൻ സാമ്പത്തിക വർഷത്തെ സംബന്ധിച്ചതായതിനാൽ തൻവർഷം, നടപ്പുവർഷം എന്നീ വാക്കുകൾക്ക് പ്രസക്തി ഇല്ല ആയതിനാൽ ഫാറം IV-ൽ തൻവർഷം, നടപ്പുവർഷം എന്നീ

വാക്കുകൾക്ക് പകരം 'റിപ്പോർട്ട് കാലയളവിൽ' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 21)**

**ആക്ടിലെ 14-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ 'വാർഷിക റിപ്പോർട്ട് യുവജനങ്ങളുടെ** സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ഗവൺമെന്റിന് സമർപ്പിക്കേണ്ടതാണ്" എന്ന് വ്യക്തമാക്കുന്നു കൂടാതെ 18-ാം വകുപ്പിൽ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുകയും ചെയ്യുന്നു. യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റിന്റെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിനോട് ആരായുകയും മാതൃക ഫോറം തയ്യാറാക്കുവാനുള്ള നടപടി സ്വീകരിക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് നൽകുകയും ചെയ്തു. ആയതിൻപ്രകാരം യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റിന്റെ മാതൃകാഫാറം തയ്യാറാക്കി ആയത് ചട്ടത്തിൽ ഉൾപ്പെടുത്തുവാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 22)**

പ്രസ്തുത എസ്.ആർ.ഒ യിലെ താഴെപ്പറയുന്ന അച്ചടിപ്പിശകുകൾ തിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

1. ചട്ടം (2)-ലെ 'നിർവ്വനങ്ങൾ'

2. ചട്ടം 2 (2)-ലെ 'നിർവ്വചിട്ടുള്ളതുമായ'

3. ഫാറം I -ലെ അഞ്ചാമത്തെയിനത്തിലെ 'പദ്ധതിയിയിനത്തിൽ'

4. ഫാറം I -ലെ ആറാമത്തെയിനത്തിലെ 'നിയമപ്രകാമുള്ള'

5. ഫാറം IV -ലെ അടിസ്ഥാന സൗകര്യം എന്ന ശീർഷകത്തിലെ രണ്ടാമത്തെ വരിയിലെ 'ഒഴിവാക്കിതയോ'

**ശിപാർശ (ഖണ്ഡിക 23)**

ഫാറം III-ലെ ആസ്തികൾ എന്ന ശീർഷകത്തിലെ 'എസ്.ബി.റ്റി' എന്നത് 'എസ്.ബി.ഐ' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക നം. 14 മുതൽ 23 വരെ)**

സമിതി ശിപാർശ ചെയ്തതിൻ പ്രകാരമുള്ള മാറ്റം ഉൾക്കൊള്ളിച്ച് 20.07.2024 തീയതിയിലെ എസ്.ആർ.ഒ. നം. 626/2024 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം -I)

[കായിക യുവജന കാര്യ (ബി) വകുപ്പിന്റെ 23.07.2024-ലെ ബി2/169/2020-എസ്.വൈ.എ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23.08.2024-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 24)**

2013-ലെ കേരള സംസ്ഥാന യുവജനകമ്മീഷൻ ഓർഡിനൻസ് പ്രകാരം കമ്മീഷൻ ചെയർപേഴ്സണെയും അംഗങ്ങളെയും നിയമിച്ചുകൊണ്ട് പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധീകരിച്ചത് 18-01-2014-ലും ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് 20-01-2014-ലുമാണെന്ന് സമിതി കണ്ടെത്തി. എസ്.ആർ.ഒ. -കൾ പുറപ്പെടുവിക്കുമ്പോൾ സർക്കാർ ഉത്തരവ് തീയതിക്കു മുമ്പ് എസ്.ആർ.ഒ. തീയതി വരുന്ന ഇത്തരം പിശകുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

ഇത്തരം പിശകുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

[കായിക യുവജന കാര്യ (ബി) വകുപ്പിന്റെ 23.06.2022-ലെ ബി2/169/2020-എസ്.വൈ.എ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 25)**

ഓർഡിനൻസിലെ വകുപ്പ് **3(1)** പ്രകാരം 'കേരള യുവജനകമ്മീഷൻ' എന്ന പേരിൽ ഒരു നികായം രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു എന്നാൽ വകുപ്പ് 3(1) പ്രകാരം നികായം രൂപീകരിക്കാതെ 3(2), 3(3) എന്നീ വകുപ്പുകൾ പ്രകാരം ചെയർപേഴ്സണേയും അംഗങ്ങളെയും നിയമിച്ചുകൊണ്ട് പ്രസ്തുത എസ്.ആർ.ഒ. പുറപ്പെടുവിച്ച നടപടിയെ സമിതി ശക്തമായി അപലപിക്കുകയും ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കുവാൻ അതീവജാഗ്രത പുലർത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

## സ്വീകരിച്ച നടപടി

കേരള യുവജന കമ്മീഷൻ ആക്ടിലെ മൂന്നാം വകുപ്പിന്റെ (1) ഉം (2)ഉം (4)ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കൊണ്ടും എസ്.ആർ.ഒ. 37/2014 ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും എസ്.ആർ.ഒ. 323/2014 പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിക്കുകയും ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട് (അനുബന്ധം-II)

[കായിക യുവജന കാര്യ (ബി) വകുപ്പിന്റെ 23.06.2022-ലെ ബി2/169/2020-എസ്.വൈ.എ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

## ശിപാർശ (ഖണ്ഡിക 26)

**ആക്ടിൽ കമ്മീഷൻ അംഗങ്ങളിൽ അവശ്യം വേണ്ട കാറ്റഗറികൾ** വ്യക്തമാക്കുന്നുവെങ്കിലും എസ്.ആർ. ഒ. യിൽ ആയത് വ്യക്തമല്ല ആയതിനാൽ ആക്ടിലെ വ്യവസ്ഥകൾ ചട്ടങ്ങളിൽ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. അതിനാൽ ആക്ടിൽ അംഗങ്ങളുടെ കാറ്റഗറി പ്രത്യേകമായി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എസ്.ആർ.ഒ. പുറപ്പെടുവിക്കുമ്പോൾ അംഗങ്ങളുടെ പേരിനൊപ്പം കാറ്റഗറി വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സ്വീകരിച്ച നടപടി

എസ്.ആർ.ഒ. 37/2014 നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ട് പുറപ്പെടുവിച്ച എസ്.ആർ.ഒ. 323/2014-ലും അതിനു ശേഷം അംഗങ്ങളെ നിയമിച്ച് കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള എസ്.ആർ.ഒ. കളിലും അംഗങ്ങളുടെ പേരിനൊപ്പം കാറ്റഗറി വ്യക്തമാക്കിയിട്ടുണ്ട്. (അനുബന്ധം-II)

[കായിക യുവജന കാര്യ (ബി) വകുപ്പിന്റെ 23.06.2022-ലെ ബി2/169/2020-എസ്.വൈ.എ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20.12.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2024 ഒക്ടോബർ 09.

അനുബന്ധം - I

3

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2024 ജൂലൈ 20<br>20th July 2024<br>1199 കർക്കടകം 5<br>5th Karkadakam 1199<br>1946 ആഷാഢം 29<br>29th Ashadha 1946 | നമ്പർ<br>No. 2350 |

കേരള സർക്കാർ

**കായിക യുവജനകാര്യ (ബി) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി)നമ്പർ. 4/2024/എസ്.വൈ.എ.
**എസ്. ആർ. ഒ. നമ്പർ 626/2024**

*തിരുവനന്തപുരം, 2024 ജൂലൈ 19*
*1199 കർക്കടകം 4*
*1946 ആഷാഢം 28*

2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിലെ (2014-ലെ 6) 18-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2018 മേയ് 26-ാം തീയതിയിലെ സ.ഉ.(അച്ചടി)5/2018/കാ.യു.വ നമ്പർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2018 മേയ് 28-ാം തീയതിയിലെ 1391-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ 327/2018 നമ്പരായി പ്രസിദ്ധീകരിച്ചതുമായ 2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:-

**<u>ചട്ടങ്ങൾ</u>**

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2023-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി. 2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിൽ, -

(1) 2-ാം ചട്ടത്തിൽ,-

(i) ശീർഷകത്തിൽ "നിർവ്വനങ്ങൾ" എന്ന വാക്കിനു പകരം നിർവ്വചനങ്ങൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപചട്ടത്തിൽ "നിർവ്വചിട്ടുള്ളതുമായ" എന്ന വാക്കിനു പകരം "നിർവ്വചിച്ചിട്ടുള്ളതുമായ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) 4-ാം ചട്ടത്തിന്റെ (ജി) ഉപഖണ്ഡത്തിൽ "അംഗങ്ങൾക്ക് അജണ്ട ചംക്രമണം ചെയ്ത് ആയത് ലഭിച്ചതായി ഉറപ്പ് വരുത്തുക" എന്ന വാക്കുകൾക്ക് പകരം "യോഗത്തിന്റെ അജണ്ട ലഭിച്ചതായി ഉറപ്പ് വരുത്തുക" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) 5-ാം ചട്ടത്തിനുപകരം ഇനിപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"5. ചെർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും മറ്റ് ബത്തകളും.-

(1) ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുന്നു. സിറ്റിംഗ് ഫീ, യാത്രാബത്ത, മറ്റ് ബത്തകൾ എന്നിവയ്ക്കായി ചെയർപേഴ്സനെ സംസ്ഥാന സർക്കാർ സർവ്വീസിലെ ഗ്രേഡ് 1/ ക്ലാസ് 1 ആയി പരിഗണിക്കേണ്ടതാണ്.

എന്നാൽ ചെയർപേഴ്സന്റെ ശമ്പളവും മറ്റ് ബത്തകളും സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്നപ്രകാരം പുതുക്കി നിശ്ചയിക്കാവുന്നതാണ്.

(2) കമ്മീഷൻ അംഗങ്ങൾക്ക് 15,000/- രൂപ ഓണറേറിയവും 400/- രൂപ സിറ്റിംഗ് ഫീസും യാത്രാബത്തയും അനുവദിക്കാവുന്നതാണ്. യാത്രാബത്ത കണക്കാക്കുന്നതിനായി കമ്മീഷൻ അംഗങ്ങളെ സംസ്ഥാന സർക്കാർ സർവ്വീസിലെ ഗ്രേഡ്-1 കാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(4) 6-ാം ചട്ടത്തിൽ,-

(i) (1)-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിലെ "എന്നാൽ കമ്മീഷന്റെ രണ്ട് യോഗങ്ങളുടെ ഇടവേള മൂന്ന് മാസത്തിൽ കൂടുവാൻ പാടുള്ളതല്ല" എന്ന വാചകം വിട്ടുകളയേണ്ടതാണ്;

(ii) 16-ാം ഉപചട്ടത്തിലെ "ഒപ്പിട്ട്" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(5) 15-ാം ചട്ടത്തിനുപകരം ഇനിപറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:-

"15. വാർഷിക റിപ്പോർട്ട് - ആക്റ്റിലെ 13-ഉം, 14-ഉം വകുപ്പുകൾ പ്രകാരം കമ്മീഷൻ ശരിയായ കണക്കുകളും മറ്റു പ്രസക്തരേഖകളും വച്ചുപോരേണ്ടതും ഓരോ വർഷവും ഏപ്രിൽ 1 മുതൽ അടുത്ത വർഷം മാർച്ച് 31 വരെയുള്ള കാലയളവിനെ സംബന്ധിച്ച വാർഷിക റിപ്പോർട്ട് എല്ലാവർഷവും ജൂൺ 30-ാം തീയതിയ്ക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ് I, II, III എന്നീ നമ്പർ ഫാറങ്ങളിലും വാർഷിക റിപ്പോർട്ട് IV-ാം നമ്പർ ഫാറത്തിനും യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് V-ാം നമ്പർ ഫാറത്തിലും സമർപ്പിക്കേണ്ടതാണ്.

(6) ഫാറം I-ലെ "വരവ്" എന്ന ശീർഷകത്തിൻ കീഴിൽ,-

(i) 5-ാം ഇനത്തിലെ "പദ്ധതിയിയിനത്തിൽ" എന്ന വാക്കിന് പകരം "പദ്ധതിയിനത്തിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) 6-ാം ഇനത്തിലെ "നിയമപ്രകാമുള്ള ഫീസ്" എന്ന വാക്കുകൾക്ക് പകരം "നിയമപ്രകാരമുള്ള ഫീസ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7) ഫാറം III-ലെ "ആസ്തികൾ" എന്ന ശീർഷകത്തിൻ കീഴിൽ 'എസ്.ബി.റ്റി അക്കൗണ്ടിലുള്ള തുക" എന്ന ഇനത്തിനു പകരം "എസ്.ബി.ഐ അക്കൗണ്ടിലുള്ള തുക" എന്ന ഇനം ചേർക്കേണ്ടതാണ്.

(8) ഫാറം IV-ലെ "വാർഷിക റിപ്പോർട്ടിന്റെ മാതൃക" എന്ന ശീർഷകത്തിൻ കീഴിൽ,-

(i) "തൻവർഷം", "നടപ്പ വർഷം" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം" റിപ്പോർട്ട് കാലയളവിൽ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്;

(ii) അടിസ്ഥാന സൗകര്യം എന്ന ഉപശീർഷകത്തിൻ കീഴിൽ "നടപ്പ സാമ്പത്തിക വർഷം" എന്ന വാക്കുകൾക്ക് പകരം "റിപ്പോർട്ട് കാലയളവിൽ" എന്ന വാക്കുകളും "പുതുതായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വാങ്ങിയതോ ഒഴിവാക്കിതയോ" എന്ന വാക്കുകൾക്ക് പകരം "പുതുതായി വാങ്ങിയതോ ഒഴിവാക്കിയതോ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(9) ഫാറം IV-ന്റെ ശേഷം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്. അതായത് -

"ഫാറം V

[14-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റിന്റെ മാതൃക

| പരിപാടികൾ | യുവജനങ്ങൾ (18 വയസ്സിനും 40 വയസ്സിനും മദ്ധ്യേ ) | | | വിദ്യാർത്ഥികൾ | അഭ്യസ്ഥവിദ്യർ | ഭിന്നശേഷിക്കാർ | തൊഴിൽ രഹിതർ |
|---|---|---|---|---|---|---|---|
| | സ്ത്രീ | പുരുഷൻ | ട്രാൻസ്ജൻഡർ | | | | |
| 1. | | | | | | | |
| 2. | | | | | | | |
| 3. | | | | | | | |

"

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പ്രണബ്ജ്യോതി നാഥ്

ഗവൺമെന്റ് സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ (2019-21) 21-ാമത് റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായി 2018 മേയ് 26-ാം തീയതിയിലെ സ.ഉ.(അച്ചടി) 05/2018/കാ.യു.വ നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2018 മേയ് 28-ാം തീയതിയിലെ 1391-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 327/2018-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 2018 -ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.07.20 04:13:54 +05:30

അനുബന്ധം - II

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 3 Vol. III | തിരുവനന്തപുരം, ബുധൻ Thiruvananthapuram, Wednesday | 2014 മേയ് 28 28th May 2014 / 1189 ഇടവം 14 14th Idavam 1189 / 1936 ജ്യേഷ്ഠം 7 7th Jyaishta 1936 | നമ്പർ No. | 1359 |

## കേരള സർക്കാർ

കായിക യുവജനകാര്യ (ബി) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 20/14/കാ.യു.വ. തിരുവനന്തപുരം, 2014 മേയ് 27 / 1189 ഇടവം 13.

**എസ്. ആർ. ഒ. നമ്പർ 323/2014.**—2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസിലെ (2013-ലെ 45) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കേരള സംസ്ഥാന യുവജന കമ്മീഷനിൽ ചെയർപേഴ്സണെയും പത്ത് അംഗങ്ങളേയും നിയമിച്ചുകൊണ്ട് 2014 ജനുവരി 18-ാം തീയതിയിലെ 152-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 37/2014 ആയി കേരള സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതിനാലും;

2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട് (2014-ലെ 6) സംസ്ഥാന നിയമസഭ പാസ്സാക്കിയപ്പോൾ കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം പത്തിൽ നിന്നും പതിമൂന്നാക്കി ഉയർത്തിയതിനാലും;

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.

33/2198/2014/S-21.

ഇപ്പോൾ, അതിനാൽ, 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ടിലെ (2014-ലെ 6) 3-ാം വകുപ്പ് (1)-ഉം (2)-ഉം (4)-ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും, 2014 ജനുവരി 18-ാം തീയതിയിലെ 152-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 37/2014 ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കേരള സംസ്ഥാന യുവജന കമ്മീഷൻ ഇതിനാൽ രൂപീകരിക്കുന്നു, അതായത്:—

| | | | |
|---|---|---|---|
| 1. | അഡ്വ. ആർ. വി. രാജേഷ്<br>സരോവരം, റ്റി. സി. 20/1971(2),<br>ശാസ്ത്രി നഗർ, സൗത്ത് 42,<br>കരമന പി. ഒ., തിരുവനന്തപുരം. | .. | ചെയർപേഴ്സൺ |
| 2. | ശ്രീ. ശിവരാമൻ, കെ.,<br>കോട്ടമ്മൽ ഹൗസ്,<br>ഇളംതുരുത്തി പി. ഒ.,<br>പൊന്നാനി, മലപ്പുറം. | .. | അംഗം<br>(പട്ടികജാതി വിഭാഗത്തെ<br>പ്രതിനിധീകരിക്കുന്ന<br>അംഗം) |
| 3. | അഡ്വ. കെ. വിനോദ്,<br>എം. ആർ. എ. (ബി 251),<br>മരുതംകുഴി, കാഞ്ഞിരംപാറ,<br>തിരുവനന്തപുരം. | .. | അംഗം<br>(ലീഗൽ പ്രാക്ടീഷണർ) |
| 4. | ശ്രീ. കെ. സി. വിപിൻ,<br>കണ്ണംപറമ്പിൽ ഹൗസ്,<br>കൊടുമുണ്ട പി. ഒ., പട്ടാമ്പി,<br>പാലക്കാട്-679 303. | .. | അംഗം |
| 5. | ശ്രീ. സുജിത് പോൾ,<br>ആറ്റുവള്ളിൽ വീട്,<br>കറുകപ്പള്ളി പി. ഒ.,<br>കോലഞ്ചേരി. | .. | അംഗം |
| 6. | ശ്രീ. ഖാദർ മന്യ,<br>മന്യ ഹൗസ്, ഉള്ളൂടി പി. ഒ.,<br>കുമ്പള, കാസർഗോഡ്. | .. | അംഗം |
| 7. | അഡ്വ. സ്വപ്ന ജോർജ്ജ്,<br>ഹൗസ് നമ്പർ 304, ദേവിപ്രസാദം<br>പ്രശാന്ത് നഗർ, ഉള്ളൂർ,<br>മെഡിക്കൽ കോളേജ് പി. ഒ.,<br>തിരുവനന്തപുരം. | .. | അംഗം<br>(വനിതാ വിഭാഗത്തെ<br>പ്രതിനിധീകരിക്കുന്ന<br>അംഗം) |
| 8. | ശ്രീ. എ. എം. രമേശൻ,<br>ആശാരി ഹൗസ്, കുമ്പളങ്ങാട്,<br>കാഞ്ഞിരക്കോട്, വടക്കാഞ്ചേരി,<br>തൃശ്ശൂർ. | .. | അംഗം |

| | | |
|---|---|---|
| 9. അഡ്വ. സുമേഷ് ആൻഡ്രൂസ്,<br>വട്ടക്കാട് ഹൗസ്, നരിയനടനി പി. ഒ.,<br>പൊൻകുന്നം, കോട്ടയം. | .. | അംഗം |
| 10. ശ്രീ. എം. നാരായണൻകുട്ടി,<br>അന്നക്കോട് ഹൗസ്,<br>വണ്ടിത്താവളം പി. ഒ.,<br>ചിറ്റൂർ, പാലക്കാട്. | .. | അംഗം |
| 11. ശ്രീ. അഷ്റഫ് അലി, റ്റി. എ.,<br>തച്ചുപറമ്പൻ വീട്, എടക്കര പി. ഒ.,<br>നിലമ്പൂർ, മലപ്പുറം. | .. | അംഗം |
| 12. അഡ്വ. ആർ. ആർ. സഞ്ജയ് കുമാർ,<br>ഉഷസ്സ്, കോൺവെന്റ് റോഡ്,<br>പ്രാവച്ചമ്പലം, നേമം പി. ഒ.,<br>തിരുവനന്തപുരം-695 008. | .. | അംഗം |
| 13. കുമാരി എ. ബിജി,<br>വരടിമൂല കോളനി,<br>വേമം പി. ഒ.,<br>മാനന്തവാടി, വയനാട് | .. | അംഗം<br>(പട്ടിക ഗോത്രവർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന വനിത). |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സുബ്രതാ ബിശ്വാസ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ് (2013-ലെ 45) പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് 2014 ജനുവരി 18-ാം തീയതിയിലെ 152-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 37/2014 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ ചെയർപേഴ്സണും, പത്ത് അംഗങ്ങളുമാണുണ്ടായിരുന്നത്. എന്നാൽ സംസ്ഥാന നിയമസഭ 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട് (2014-ലെ 6) പാസ്സാക്കിയപ്പോൾ അംഗങ്ങളുടെ എണ്ണം പതിമൂന്നായി ഉയർത്തുകയുണ്ടായി. അതിനാൽ രണ്ട് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കമ്മീഷന്റെ അംഗസംഖ്യ വർദ്ധിപ്പിച്ച് ആയത് പ്രകാരം കമ്മീഷൻ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.